സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

കൊട്ടാരക്കര പി.ഡി.മണികണ്ഠേശ്വരം ക്ഷേത്രത്തിലെ കീഴ്ശാന്തി നിയമനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ.5238/18/മിസ്.1 നന്തൻകോട് , 11/05/2018.

---

പരാമർശം : 09.05.2018-ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ പ്രശസ്തിയിലും വരുമാനത്തിലും മുന്നിൽ നിൽക്കുന്ന കൊട്ടാരക്കര പി.ഡി.മണികണ്ഠേശ്വരം (ഗണപതി ക്ഷേത്രം) പോലുള്ള ഒരു മഹാക്ഷേത്രത്തിലെ കീഴ്ശാന്തിയായി നിയോഗിക്കപ്പെടുന്നത് ആ പദവിയ്ക്ക് ഏറ്റവും അനുയോജ്യനായ ആൾ തന്നെയായിരിക്കണമെന്നും, ടി ക്ഷേത്രത്തിലെ വളരെ പ്രശസ്തമായ ഉണ്ണിയപ്പ വഴിപാട് നിർമ്മാണം കീഴ്ശാന്തിയുടെ ചുമതലയിൽ നടന്നുവരുന്നതിനാൽ നിയമിക്കപ്പെടുന്ന ആളിന്റെ കാര്യപ്രാപ്തി ഒരു പ്രധാന ഘടകമാണെന്നും ഉണ്ണിയപ്പത്തിന്റെ പ്രശസ്തിയും മാഹാത്മ്യവും നിലനിർത്തുന്നതിനോടൊപ്പം അതിന്റെ ഗുണനിലവാരത്തിൽ യാതൊരു കുറവും ഉണ്ടാകരുതെന്നത് നിർബന്ധമാണെന്നും കീഴ്ശാന്തി നിയമനം സുതാര്യമായി നടത്തേണ്ടത് അനിവാര്യമാണെന്നും കണ്ടതിനാൽ ടി തസ്തികയിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ളവരിൽ നിന്നും ഏറ്റവും യോഗ്യനായ ആളെ കണ്ടെത്തി നിയോഗിക്കേണ്ടതിന്റെ ആവശ്യകത ബോർഡ് വിലയിരുത്തിയിട്ടുള്ളതാണ്.

ആകയാൽ ടി ക്ഷേത്രത്തിലെ കീഴ്ശാന്തിയായി സ്ഥലംമാറ്റം ലഭിക്കുന്നതിന് 2018-ലെ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ നിന്നും ഇന്റർവ്യൂ നടത്തി അഞ്ച് പേരുടെ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും നറുക്കെടുപ്പ് നടത്തി തെരഞ്ഞെടുക്കുന്നതിന് തീരുമാനിച്ചും, ഇതിലേയ്ക്കായി ദേവസ്വം കമ്മീഷണർ, ക്ഷേത്ര തന്ത്രി, ശബരിമലയിലെ ഒരു മുൻ മേൽശാന്തി എന്നിവർ അടങ്ങുന്ന ഒരു ഇന്റർവ്യൂ ബോർഡ് രൂപീകരിച്ചും, 2018 ജൂൺ 1 ന് മുമ്പ് പ്രസ്തുത നിയമനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**
**(ഒപ്പ്)**
**സെക്രട്ടറി**

(മറുപുറം)

EDP

പകർപ്പ് :

1) ദേവസ്വം കമ്മീഷണർ
2) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
3) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, പത്തനംതിട്ട
4) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കൊട്ടാരക്കര
5) ഇ.ഡി.പി.സെക്ഷൻ
6) സെക്ഷൻ ഫയൽ
7) ഫയൽ ബുക്ക്
8) ആഫീസ്കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി